LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി

307 (1681) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അഞ്ചു വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് 'കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി' സഹായം ലഭിക്കുന്നതിന് കുടുംബത്തിന്റെ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ ;

(സി) താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർ അടക്കമുള്ളവരുടെ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ സാധിക്കുമോ ;

(ഡി) വരുമാനപരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(സി) രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 25-4-2013-ലെ സ.ഉ. (പി) നമ്പർ 148/2013/ ആ.കു.വ. പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്ക് 5.5 ലക്ഷം രൂപ മെഡിക്കൽ റീ -ഇംപേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

(ഡി) ഒരു കോക്ലിയർ ഇംപ്ലാന്റിന്റെ വില 4.45 ലക്ഷം രൂപയാണ്. വരുമാന പരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികളെയും ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലില്ല.

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി

308 (1682) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് ചുനക്കര പഞ്ചായത്തിലെ 51-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി ഉയർത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ടി സ്ഥലം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ ചുനക്കര പഞ്ചായത്തിലെ തന്നെ സെന്റർ നമ്പർ 34-ലേയ്ക്ക് മാതൃകാ അങ്കണവാടി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ NABARD - RIDF പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലെ ചുനക്കര പഞ്ചായത്തിലെ സെന്റർ നമ്പർ 43, 156 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

അംഗൻവാടി ജീവനക്കാരുടെ ആവശ്യങ്ങൾ

309 (1683) ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അംഗൻവാടി ജീവനക്കാർ വേതനവർദ്ധന ആവശ്യപ്പെട്ട് നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാർ മുന്നോട്ടുവയ്ക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതുസംബന്ധിച്ച നിലപാട് എന്താണെന്നറിയിക്കാമോ ;

(ഡി) ജീവനക്കാരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) വേതന വർദ്ധനവ് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly